Philadelphia REVIVAL CHURCH
HIS FULNESS
HIS FAITH
HIS COVENANT

ഡിസംബർ 2018

# റിവൈവൽ വോയ്സ്

റിവൈവൽ ചർച്ച് പ്രസിദ്ധീകരണം



- പാസ്റ്ററുടെ സന്ദേശം
- വചന പഠനം : സീയോൻ
- വിശ്വാസ വീരന്മാർ : ഫ്ലോറൻസ് നൈറ്റിംഗേൽ

ഈ പാറമേൽ ഞാൻ എന്റെ സഭയെ പണിയും;
പാതാളഗോപുരങ്ങൾ അതിനെ ജയിക്കയില്ല. മത്തായി 16:18

Private Circulation Only www.prconline.org



# പാസ്റ്ററുടെ സന്ദേശം …

ക്രിസ്തുയേശുവിൽ പ്രിയരേ,

ഒടുവിൽ 2018 - ന്റെ സമാപനത്തിലേക്ക് നാം വന്നിരിക്കുന്നു. കൃത്യമായ തീയ്യതികളും, കാലഘട്ടങ്ങളും ഇല്ലായിരുന്നുവെങ്കിൽ നമ്മുടെ അവസ്ഥ എന്താകുമായിരുന്നു എന്നു ഞാൻ ചിന്തിക്കുന്നു.

ഒന്നാമതായി സമയത്തിന്റെ അറിവ് നമ്മെ അധികാരത്തിലാക്കുന്നു. തീയ്യതികൾ മുഖേന ഭാവി കാലങ്ങളിന്മേൽ അധികാരം സ്ഥാപിക്കുവാൻ നമുക്ക് സാധിക്കുന്നു. പദ്ധതികൾ ഒരുക്കുവാനും നിർദ്ദിഷ്ട കാലഘട്ട ങ്ങളിൽ അത് പൂർത്തിയാക്കുവാനും സാധിക്കുന്നു.

ദൈവത്തിന് ഒരു പ്രവർത്തന പദ്ധതിയുണ്ട്; ആ പദ്ധതി തൻറെ സമയത്തിന് തക്കവണ്ണം താൻ പ്രവർത്തിക്കുന്നു. തൻറെ കലണ്ടറിന്റെ പേർ വിശ്വാസം എന്നതാണ്, വിശ്വാസത്തിൽ സമയത്തെ കൂട്ടുകയോ കുറയ്ക്കുകയോ ചെയ്യാം.

വെല്ലുവിളികളെ ഏറ്റെടുക്കുന്നവർക്കായി ദൈവത്തെ സ്തുതിക്കുന്നു. ദൈവീക വെല്ലുവിളികളെ ഏറ്റെടുക്കുന്നവർക്ക് വിശ്വാസത്തെ പ്രാവർത്തികമാക്കേണ്ടതുണ്ട്. ദൈവപ്രവർത്തി ദൈവവിശ്വാസത്തിൽ തന്നെ ബന്ധപ്പെട്ടിരിക്കുന്നു. ദൈവപ്രവർത്തി ദൈവസ്നേഹത്തിലും, ദൈവീക അനുസരണത്തിലും, ദൈവവിശ്വാസത്തിലും (ലിസ്റ്റ് അപൂർണ്ണം) വെളിപ്പെടുന്നു.

ദൈവം പ്രവർത്തിക്കുന്നില്ല എന്ന തോന്നുന്നുവെങ്കിൽ, വിശ്വാസത്താൽ അത് കാണുവാൻ ദൈവം ഇടയാക്കും. വിശ്വസിക്കുക മാത്രം ചെയ്യുക, യേശു ഒരിക്കൽ പറഞ്ഞു. വിഷയം എന്താണെങ്കിലും ക്രിസ്തുവിൽ വ്യക്തവും കൃത്യവുമായി അപേക്ഷകൾ അറിയിക്കുക; ഉത്തരം ഉറപ്പാണ്. ക്രിസ്തുവിൽ ദൈവീക സ്വഭാവത്തിലുള്ള നമ്മുടെ പക്വത പ്രാർത്ഥനാ ജീവിതത്തിനു ശക്തിയേകുന്നു.

അനുഗ്രഹാശിസ്സുകളോടെ,

ഷിജു നൈനാൻ
പാസ്റ്റർ. ഫിലഡൽഫിയ റിവൈവൽ ചർച്ച്.

# വചന പഠനം : സീയോൻ

(മുൻ ലക്കത്തിൽ നിന്നും തുടർച്ച)

വേദപുസ്തകത്തിലുള്ള സീയോൻ എന്ന പദം എപ്രകാരം പുതിയ മനുഷ്യൻറെ പ്രതിച്ഛായ ആയിരിക്കുന്നുവെന്ന് കഴിഞ്ഞ ലക്കങ്ങളിൽ നാം മനസ്സിലാക്കിയല്ലോ.

പുതിയ മനുഷ്യനെക്കുറിച്ചുള്ള പഠനം അത്യന്താപേക്ഷിതമാണ്, എന്തെന്നാൽ നമുക്ക് നൽകപ്പെട്ടിരിക്കുന്ന ദൈവികതയുടെ നിറകുടമാണ് പുതിയ മനുഷ്യൻ. ദൈവാത്മാവില്ലാത്തവൻ ദൈവത്തിനുള്ളവനല്ല. ദൈവവചനത്തിനാലും, ദൈവാത്മാവിനാലും സൃഷ്ടിക്കപ്പെട്ട ഉൾമനുഷ്യൻ നമ്മിലെ ശക്തി കേന്ദ്രമാണ്. അവിടെയാണ് അതുല്യവും, പരിധിയില്ലാത്തതുമായ ദൈവശക്തിയും, ദൈവ സാന്നിധ്യവും ഉള്ളത്.

നാം(PRC) ക്രിസ്തുവിൽ നിന്നും പഠിക്കുമ്പോൾ, നിലവിലുള്ള സാധാരണ പഠനസമ്പ്രദായ രീതിയിൽ, അപരിചിതമായ വസ്തുതയെക്കുറിച്ച് വിശ്വാസിക്ക് മനസ്സിലാക്കുക പ്രയാസമാണ്; അതിനാൽ നമ്മുടെ പഠനം സാധാരണ രീതിയിലേക്ക് ഒതുങ്ങുവാൻ പാടില്ല.

നമ്മെ സംബന്ധിച്ചെടുത്തോളം പഠിക്കുക എന്നാൽ ക്രിസ്തുവിൽ നിന്നും ക്രിസ്തുവിനെ സ്വീകരിക്കുക എന്നാണർത്ഥം. അവനാലോ, അവനിൽ നിന്നോ, അവനിൽ ഉള്ളത് നമ്മൾക്ക് ലഭിക്കുന്നു. (പകർച്ച എന്ന പദം ഇവിടെ നാം ഉപയോഗിക്കുന്നു).

തുടർന്നുള്ള വേദഭാഗങ്ങളിൽ ഉൾനട്ട മനുഷ്യനായ സീയോൻ വ്യക്തമായി കാണപ്പെടുന്നു. ഈ ഉദ്ധരണികളിൽ ആ സത്യം ഉൾക്കൊണ്ടിരിക്കുന്നു.

**ഉൾമനുഷ്യന്റെ നേരിട്ട ഉദ്ധരണികൾ**

*എഫെസ്യർ 3 : 16 അവൻ തന്റെ മഹത്വത്തിന്റെ ധനത്തിന്നു ഒത്തവണ്ണം അവന്റെ ആത്മാവിനാൽ നിങ്ങൾ അകത്തെ മനുഷ്യനെ സംബന്ധിച്ചു ശക്തിയോടെ ബലപ്പെടേണ്ടതിന്നും*

*2കൊരിന്ത്യർ 5 : 17 ഒരുത്തൻ ക്രിസ്തുവിലായാൽ അവൻ പുതിയ സൃഷ്ടി ആകുന്നു; പഴയതു കഴിഞ്ഞുപോയി, ഇതാ, അതു പുതുതായി തീർന്നിരിക്കുന്നു.*

*കൊലൊസ്സ്യർ 3 : 10 തന്നെ സൃഷ്ടിച്ചവന്റെ പ്രതിമപ്രകാരം പരിജ്ഞാനത്തിന്നായി പുതുക്കം പ്രാപിക്കുന്ന പുതിയ മനുഷ്യനെ ധരിച്ചിരിക്കുന്നവല്ലോ.*

*1പത്രൊസ് 3 : 4 സൌമ്യതയും സാവധാനതയുമുള്ള മനസ്സു എന്ന അക്ഷയഭൂഷണമായ ഹൃദയത്തിന്റെ ഗൂഢമനുഷ്യൻ തന്നേ ആയിരിക്കേണം; അതു ദൈവസന്നിധിയിൽ വിലയേറിയതാകുന്നു.*

*1യോഹന്നാൻ 4 : 4 കുഞ്ഞുങ്ങളേ, നിങ്ങൾ ദൈവത്തിൽനിന്നുള്ളവർ ആകുന്നു; അവരെ ജയിച്ചുമിരിക്കുന്നു. നിങ്ങളിലുള്ളവൻ ലോകത്തിൽ ഉള്ളവനെക്കാൾ വലിയവനല്ലോ.*

*റോമർ 8 : 10 ക്രിസ്തു നിങ്ങളിൽ ഉണ്ടെങ്കിലോ ശരീരം പാപംനിമിത്തം മരിക്കേണ്ടതെങ്കിലും ആത്മാവു നീതിനിമിത്തം ജീവനാകുന്നു.*

*യോഹന്നാൻ 3 : 3 - 8 യേശു അവനോടു: "ആമേൻ, ആമേൻ, ഞാൻ നിന്നോടു പറയുന്നു; പുതുതായി ജനിച്ചില്ല എങ്കിൽ ദൈവരാജ്യം കാണ്മാൻ ആർക്കും കഴിയകയില്ല " എന്നു ഉത്തരം പറഞ്ഞു. നിക്കോദെമൊസ് അവനോടു: മനുഷ്യൻ വൃദ്ധനായശേഷം ജനിക്കുന്നതു എങ്ങനെ? രണ്ടാമതും അമ്മയുടെ ഉദരത്തിൽ കടന്നു ജനിക്കാമോ എന്നു ചോദിച്ചു. അതിന്നു യേശു: "ആമേൻ, ആമേൻ, ഞാൻ നിന്നോടു പറയുന്നു: വെള്ളത്താലും ആത്മാവിനാലും ജനിച്ചില്ല എങ്കിൽ ദൈവരാജ്യത്തിൽ കടപ്പാൻ ആർക്കും കഴികയില്ല. ജഡത്താൽ ജനിച്ചതു ജഡം ആകുന്നു; ആത്മാവിനാൽ ജനിച്ചതു ആത്മാവു ആകുന്നു. നിങ്ങൾ പുതുതായി ജനിക്കേണം എന്നു ഞാൻ നിന്നോടു പറകയാൽ ആശ്ചര്യപ്പെടരുതു. കാറ്റു ഇഷ്ടമുള്ളേടത്തു ഊതുന്നു; അതിന്റെ ശബ്ദം നീ കേൾക്കുന്നു; എങ്കിലും അതു എവിടെനിന്നു വരുന്നു എന്നും എവിടേക്കു പോകുന്നു എന്നും അറിയുന്നില്ല; ആത്മാവിനാൽ ജനിച്ചവൻ എല്ലാം അതുപോലെ ആകുന്നു" എന്നു ഉത്തരം പറഞ്ഞു.*

*1പത്രൊസ് 1 : 23 കെടുന്ന ബീജത്താലല്ല കെടാത്തതിനാൽ, ജീവനുള്ളതും നിലനില്ക്കുന്നതുമായ ദൈവവചനത്താൽ തന്നേ, നിങ്ങൾ വീണ്ടും ജനിച്ചിരിക്കുന്നു.*

ജഡിക മനസ്സുകൾക്ക് ഒതുക്കുവാൻ സാധിക്കാത്തതും, ലോകമെങ്ങുമുള്ള തൻറെ മക്കൾക്ക് സർവ്വദാ ലഭ്യവും, ദൈവംതന്നെ തൻറെ ക്രിസ്തുവിലൂടെ മനുഷ്യനിൽ വസിക്കുന്നതും ആയ ദൈവത്തിൻറെ ദിവ്യ ജ്ഞാനമേ, നിന്റെ മഹത്വം എത്ര വലിയത്!

# വിശ്വാസ വീരന്മാർ : ഫ്ലോറൻസ് നൈറ്റിംഗേൽ

(മുൻ ലക്കത്തിൽ നിന്നും തുടർച്ച)

**കെയ്സർവേർത്ത് ജർമ്മനിയിലേക്ക് പോകുവാനുള്ള തീരുമാനം, 1851**

സ്ത്രീകളെ സഭാശുശ്രൂഷയ്ക്കായി പരിശീലിപ്പിക്കുന്ന ജർമ്മനിയിലെ കെയ്സർവേർത്തിലുള്ള, ക്രിസ്തീയ സ്ഥാപനത്തിൽ നേഴ്സിങ് പരിശീലനത്തിനായി പോകണമെന്ന് 1851 - ൽ ഫ്ലോറൻസ് അവളുടെ മാതാപിതാക്കളോട് പറഞ്ഞു. തൻറെ മകളെ ഒരു നേഴ്സ് ആകുവാൻ ഒരിക്കലും അനുവദിക്കുകയില്ലന്ന് അവളുടെ മാതാവ് തുറന്നു പറഞ്ഞു. എന്നാൽ ഫ്ലോറൻസ് ഒരു പാറപോലെ ഉറച്ചു നിന്നു, എന്തുതന്നെയായാലും അവൾക്ക് പോയേ തീരൂ ഫ്ലോറൻസ് പറഞ്ഞു. മനസ്സില്ലാ മനസ്സോടെ മാതാപിതാക്കൾ അവസാനം സമ്മതിച്ചു.

**വിവാഹത്തെക്കുറിച്ച് ഫ്ലോറൻസിന്റെ കാഴ്ചപ്പാട്**

ഫ്ലോറൻസ് അവളുടെ ഡയറിയിൽ എഴുതി, 'ശരിയായതും ഉത്തമവുമായ വിവാഹം ഉൽകൃഷ്ടമായ അവസ്ഥയാണ്. ഉന്നതവും നല്ലതുമായ ഒരു ഉദ്ദേശ്യം ഉള്ള ആളെ വിവാഹം ചെയ്യുന്നതും, ആ വ്യക്തി യോടുകൂടെ ആ ഉദ്ദേശ്യത്തെ പിന്തുടരുന്നതും ഏറ്റവും സന്തോഷ കരമാണ്. മനുഷ്യ വർഗ്ഗത്തിനും ദൈവത്തിനുമായുള്ള ഒരു സദുദ്ദേശ്യ ത്തോടെ, പരസ്പരം ആകർഷണമുള്ള ഒരു പുരുഷനും, സ്ത്രീയും ഒത്തുചേരുന്നതാണ് ഉൽകൃഷ്ടമായ സ്നേഹം.

പല വനിതകൾക്കും ഈ ശരിയായ അവസ്ഥയിൽ വിവാഹം ആയിത്തീരുന്നില്ല എങ്കിലും, ജീവിതത്തിൽ അതുതന്നെയാണ് യഥാർത്ഥമായ വിവാഹം എന്നു കരുതുവെന്നു മിസ്സ്. നൈറ്റിംഗേൽ തിരിച്ചറിഞ്ഞു. എന്നിരുന്നാലും അവിവാഹിതരായി ജീവിപ്പാൻ ചില സ്ത്രീകൾ വേർതിരി ക്കപ്പെട്ടിരിക്കാം എന്ന് അവൾ കരുതി.

**നഴ്സിംഗ് പരിശീലനത്തിനായി ജർമ്മനിയിലെ കെയ്സർവേർത്തിൽ പോകുന്നു**

ജൂൺ 1851 - ൽ ഫ്ലോറൻസ് ജർമ്മനിയിലെ കെയ്സർവേർത്തിലേക്ക് പുറപ്പെട്ടു. കെയ്സർവേർത്തിൽ പാസ്റ്റർ ഫ്ലിൻഡർ അവളെ സ്വീകരിച്ചു. താൻ കെയ്സർവേർത്തിലാണെന്ന് ഫ്ലോറൻസ്സിനു വിശ്വസിക്കാൻ തന്നെ കഴിഞ്ഞില്ല; അവിടെ വരുവാൻ അവൾക്ക് ഏഴ് വർഷത്തോളം കാത്തിരിക്കേണ്ടിവന്നു. അവളുടെ ഒപ്പം പഠിച്ചുകൊണ്ടിരുന്ന മിക്ക പെൺകുട്ടികളും വളരെ സാധാരണമായ ഭവനങ്ങളിൽ നിന്നുള്ളവരായിരുന്നു. ഭക്ഷണം വളരെ ലളിതമായിരുന്നു എങ്കിലും താൻ സ്വർഗ്ഗത്തിലാണെന്ന് പോലെ അവൾക്ക് അനുഭവപ്പെട്ടു. കെയ്സർവേർത്തിലെ പരിശീലന പദ്ധതി 100 ശതമാനവും പ്രവർത്തനമായ പരിശീലനമായിരുന്നു. യേശു തൻറെ ശിഷ്യന്മാർക്ക് നൽകിയ പരിശീലന രീതിയുടെ അതേ മാതൃകയിലായിരുന്നു അവിടുത്തെ പരിശീലനം.

**പാരീസിലെ ആശുപത്രികളെ പറ്റി പഠിക്കുന്നു**

അതിയായ സന്തോഷത്തോടെ പരിശീലനം കഴിഞ്ഞു അവൾ ഭവനത്തിലേക്ക് തിരിച്ചെത്തി. എന്നാൽ തന്റെ മാതാവും സഹോദരിയും വളരെ കോപത്തോടെ അവളെ നിരസിച്ചു. "വളരെ കഷ്ടിച്ചെ അവർ എന്നോട് സംസാരിക്കുമായിരുന്നുള്ളൂ", മിസ്സ് നൈറ്റിംഗേൽ എഴുതി, "ഒരു കുറ്റകൃത്യം ചെയ്തിട്ട് വന്നിരിക്കുന്നതു പോലെയാണ് അവർ എന്നോട് പെരുമാറിയത്". ഭവനത്തിൽ എതിർപ്പുകൾ ഉണ്ടായിരുന്നുവെങ്കിലും അതേവർഷംതന്നെ പാരീസിലെ എല്ലാ ആശുപത്രികളും സന്ദർശിക്കുവാനായി അവൾ അവിടേക്ക് യാത്രയായി. യൂറോപ്പിലെ ഏറ്റവും പുരോഗതി പ്രാപിച്ച ആശുപത്രികളായിരുന്നു പാരീസിൽ ഉണ്ടായിരുന്നത്. ഭരണ തലത്തിൽ സ്വാധീനമുള്ള ഒരു സ്നേഹിതൻ പട്ടണത്തിലെ എല്ലാ ആശുപത്രികളിലും പഠനം നടത്തുന്നതിനും, അനേകം വിഷയങ്ങൾ അടങ്ങിയിട്ടുള്ള പഠനത്തിനുമുള്ള ഒരു അനുവാദം അവൾക്ക് നേടിക്കൊടുത്തു. സിസ്റ്റേഴ്സ് ഓഫ് ചാരിറ്റിയുടെ മെയ്സൺ ഡി ലാ പ്രോവിൻസിൽ ഒരു ഹ്രസ്വകാല പരിശീലനത്തിനും അവൾക്ക് അനുവാദം ലഭിച്ചു.

**ഫ്ലോറൻസ് ഒരു നേഴ്സാകുന്നു 1853**

പ്രായമുള്ള സ്ത്രീകൾക്കായി ലണ്ടനിലെ ഒരു ആശുപത്രിയിൽ ആശുപത്രി സൂപ്രണ്ടിന്റെ തസ്തികയിൽ കഴിവുള്ളതായി ചില മാസങ്ങൾക്ക് ശേഷം അവൾക്ക് അറിവുകിട്ടി. അവൾ അഭിമുഖം സംഭാഷണത്തിനായി (ഇൻറർവ്യൂ) പോയി. പക്ഷേ അവളുടെ വളരെ ചെറുപ്പമായ പ്രായം സൂപ്രണ്ട് ജോലിക്ക് പറ്റിയതല്ലെന്ന് കമ്മിറ്റിക്ക് തോന്നി, മാത്രമല്ല അവൾ വളരെ ഉയർന്നനിലയിലുള്ള കുടുംബത്തിൽ ഉൾപ്പെട്ടതാണ് എന്നതും അവർക്ക് ഭയമായി. ഏതായാലും വളരെ ചിന്താക്കുഴപ്പത്തോടെ ശമ്പളവും പ്രതിഫലവുമില്ലാതെ ഈ ജോലി അവർ അവൾക്കു നൽകി.

ചുമതലയേറ്റ ഉടനെതന്നെ ആശുപത്രിയിൽ വിപ്ലവകരമായ മാറ്റങ്ങൾ വരുത്തുവാൻ അവർ ആരംഭിച്ചു. ആശുപത്രിയുടെ എല്ലാ നിലകളിലേക്കും ചൂടുവെള്ളം എത്തിക്കുവാൻ ഒരു പദ്ധതി ആവിഷ്കരിച്ചുകൊണ്ട് വളരെ അധ്വാനം ഒഴിവാക്കി. സ്വന്തം ഭക്ഷണാവശ്യത്തിനല്ലാതെ ഒരു നേഴ്സ് തൻറെ പ്രവർത്തനനില വിട്ടുപോകരുതെന്ന് ഒരു നിയമം നടപ്പാക്കി. മാത്രമല്ല, അവരുടെ രോഗിയുടെ ഭക്ഷണം ലിഫ്റ്റ് വഴി എത്തിച്ചേരുമെന്നും അറിയിച്ചു. രോഗികളെ ശുശ്രൂഷിക്കുന്നതിൽ പരമപ്രധാനമായി അവൾ കരുതിയത് വൃത്തിയും, ശുദ്ധവായുവും ആയിരുന്നു. യൂറോപ്പിലെ ആരോഗ്യസംരക്ഷണത്തിന്റെ സ്ഥിതിവിവരത്തിലേക്ക് അവൾ വളരെ വിശദമായ ഒരു പഠനവിവരണം അവതരിപ്പിച്ചു.

*കടപ്പാട്: ഇറ്റേർണൽ ലൈറ്റ് ബയോഗ്രഫിസ്*

(തുടരും.....)

# Recipe Corner

## Gingerbread Men Cookies

**Shared by: Sis. Leela George**

**Ingredients:**

1. All-purpose flour : 3 cups
2. Ground Ginger : 2 tsp
3. Ground Cinnamon : 1 tsp
4. Baking Soda : 1 tsp
5. Ground Nutmeg : ¼ tsp
6. Salt : ¼ tsp
7. Butter(softened) : ¾ cup (1½ sticks)
8. Brown sugar : ¾ cup firmly packed
9. Molasses : ½ cup,
10. Egg : 1
11. Pure Vanilla Extract : 1 tsp

**Directions:** Mix first 6 ingredients; set aside. Beat butter and sugar in large bowl with electric mixer on medium speed until fluffy. Add molasses, egg, and vanilla; mix well. Gradually beat in flour mixture on low speed until well mixed press dough into a thick flat disc. Wrap in plastic wrap. Refrigerate 4 hours or overnight.

Roll out dough to ¼ inch thickness on lightly floured work surface. Cut into gingerbread men shapes with 5 inch cookie cutter. Place 1inch apart on ungreased baking sheets. Bake in preheated $350^0$ F degree oven 8 -10 minutes or until edges of cookies just begin to brown. Cool on baking sheets 2 minutes. Remove to wire racks; cool completely. Decorate cookies as desired. Store cookies in airtight container up to 5 days.




Lo, children are an heritage of the LORD: and the fruit of the womb is his reward. As arrows are in the hand of a mighty man; so are children of the youth. Happy is the man that hath his quiver full of them: — Psalm 127:3-5 KJV

## Event Schedule

**Sunday Service**
10:30 AM - 12:30 PM : Worship Service
09:15 AM - 10:15 AM : Sunday School

**Special Worship(In Church):** Friday 7:00 PM - 9:00 PM
**Youth Meetings:** Every other Saturdays 5:00 PM - 7:00 PM
**Bible Study(In Homes):**
Wednesday : 10:30 AM - 12:30 PM & 7:00 PM - 9:00 PM
**Cell Meetings:**
Northeast Philadelphia: Saturday & Sunday 7:00 PM - 9:00 PM
Friday 10:30AM - 12:30 PM : At the residence of Ps. Shiju Ninan

# Word Search Puzzle – Tribe Of Israel

(?) JUDAH
(?) NAPHTALI
(?) ZEBULUN
(?) GAD
(?) BENJAMIN
(?) LEVI
(?) ISSACHAR
(?) DAN
(?) SIMEON
(?) ASHER
(?) EPHRAIM
(?) REUBEN
(?) MANNASSEH

| | | | | | | | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| W | J | U | I | L | F | R | A | H | C | A | S | S | I | D | Z | M | E | E | O |
| Y | C | S | B | E | D | A | F | K | Y | K | I | O | M | E | V | P | I | J | D |
| X | O | Z | V | V | Z | A | H | P | E | N | F | S | E | I | A | C | F | Y | R |
| L | E | Y | M | I | N | W | G | R | W | W | H | V | Y | S | A | X | X | L | C |
| X | E | V | J | O | X | I | B | K | T | E | Q | A | L | F | G | R | O | J | N |
| J | N | H | N | G | M | J | B | X | K | P | J | K | N | J | K | M | H | N | P |
| E | O | T | P | Y | Z | C | S | X | J | C | L | I | F | T | C | Y | E | P | M |
| O | E | M | U | E | T | K | K | U | A | B | M | A | F | N | C | D | T | S | E |
| U | M | V | H | T | S | L | W | X | L | A | X | S | J | Q | N | N | F | M | M |
| A | I | A | C | E | D | D | M | B | J | C | U | H | W | E | X | A | A | V | L |
| P | S | Z | N | N | Q | N | K | N | L | S | C | E | J | W | T | P | E | K | W |
| I | V | E | T | N | J | K | E | D | S | A | K | R | O | C | Z | H | F | Y | X |
| Z | Q | X | G | T | A | B | V | B | N | V | L | Q | C | P | W | T | Q | U | J |
| P | C | K | E | G | U | S | C | X | K | U | J | K | C | F | M | A | V | O | I |
| V | N | I | M | G | N | B | S | U | A | V | L | R | S | K | F | L | X | L | Y |
| L | B | N | Z | E | U | Z | U | E | C | H | P | U | H | H | I | I | H | W | W |
| U | N | A | B | B | Y | S | V | L | H | F | J | I | B | J | C | A | P | F | J |
| R | V | U | Z | X | I | Y | S | I | P | X | Q | V | G | E | D | I | I | F | C |
| C | E | T | R | H | O | V | X | Q | N | A | D | N | S | U | Z | A | G | U | F |
| R | Y | B | W | M | U | W | T | D | R | S | M | K | J | C | U | O | B | Q | R |

Created online at Gospel Hall dot Org